ശ്രദ്ധ ക്ഷണിക്കൽ

1. എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ചവർക്ക് തുടർ പഠനം ഉറപ്പാക്കൽ

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച എല്ലാ വിദ്യാർത്ഥികൾക്കും തുടർ പഠനം ഉറപ്പുവരുത്തുന്നതിനായി നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ജനകീയവും ജനാധിപത്യപരവും മതനിരപേക്ഷതയിൽ ഊന്നിയതുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന ഗവൺമെന്റ് നടത്തി വരുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. പൊതുവിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി മത്സരിച്ച് മാതൃകകൾ തീർത്ത സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞു. കോവിഡ്-19 തീർത്ത പ്രതിസന്ധിയിൽ നാം സ്വീകരിച്ച ഓൺലൈൻ വിദ്യാഭ്യാസ രീതി നമ്മുടെ വിദ്യാഭ്യാസ മേഖലയെ ശരിയായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സഹായിച്ചു. ഗവൺമെന്റ് ആവിഷ്കരിച്ച വിദ്യാകിരണം പദ്ധതി ഉൾപ്പെടെ വിദ്യാർത്ഥികൾക്ക് വലിയ ആശ്വാസമാണ് കോവിഡ് പ്രതിസന്ധിയുടെ കാലത്ത് ഉണ്ടായിട്ടുള്ളത്. പൊതു വിദ്യാഭ്യാസ രംഗത്ത് സർക്കാർ നടത്തിവരുന്ന മാതൃകാപരമായ

പ്രവർത്തനങ്ങളുടെ ഭാഗമായി 2016 മുതൽ 2022 വരെയുള്ള വർഷങ്ങളിൽ 1045705 കുട്ടികളാണ് പൊതു വിദ്യാലയങ്ങളിൽ അധികമായി ചേർന്നിട്ടുള്ളത്. കോവിഡ് പ്രതിസന്ധിയെ അതിജീവിച്ച് വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പൊതുപരീക്ഷയിൽ ഈ വർഷം അഭിമാനകരമായ വിജയമാണ് നേടിയിട്ടുള്ളത്. 426469 കുട്ടികൾ പരീക്ഷ എഴുതിയതിൽ 423303 കുട്ടികളാണ് മികവാർന്ന വിജയം നേടി നാടിന്റെ അഭിമാനമായി മാറിയത്. തുടർ പഠനത്തിന് യോഗ്യത നേടിയ എല്ലാവർക്കും തുടർ പഠനം ഉറപ്പുവരുത്തുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ തവണ അധിക ബാച്ചുകൾ അനുവദിച്ചുകൊണ്ട് ആവശ്യമായ ക്രമീകരണം പ്ലസ് വൺ പ്രവേശനത്തിന്റെ സന്ദർഭത്തിൽ സർക്കാർ സ്വീകരിച്ചിരുന്നു. ആയതുകൊണ്ടുതന്നെ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ആശങ്കകൾക്ക് പരിഹാരം കാണാൻ സാധിക്കുകയുണ്ടായി. മലബാർ മേഖലയിലെ ആറ് ജില്ലകളായ പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നിവടങ്ങളിൽ പ്ലസ് വൺ സീറ്റ് സംബന്ധിച്ച് നിലനിൽക്കുന്ന ആശങ്കയും പരിഹരിക്കേണ്ടതുണ്ട്. കഴിഞ്ഞ അധ്യയന വർഷം ആരംഭിക്കുന്ന സന്ദർഭത്തിൽ പ്ലസ് വൺ പ്രവേശനം

സംബന്ധിച്ച ചില ആശങ്കകൾ വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും അനാവശ്യമായി സൃഷ്ടിക്കുന്നതിനുള്ള ശ്രമം നടന്നിരുന്നു. അത്തരം പ്രശ്നങ്ങൾ മുന്നിൽ കണ്ടുകൊണ്ട് പ്ലസ് വൺ പ്രവേശന നടപടി സുതാര്യമാക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് നേരത്തെ ആവശ്യമായ ഇടപെടൽ നടത്തേണ്ടതുണ്ട്. രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കുമിടയിൽ ഉയർന്നുവരാൻ സാധ്യതയുള്ള ആശങ്കകൾ ദുരീകരിക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സംസ്ഥാനത്ത് 2022-23 അധ്യയന വർഷത്തെ ഹയർ സെക്കന്ററി ഒന്നാം വർഷ പ്രവേശനം സാധ്യമാകുന്നതിനായി 2017 മുതൽ 2021 വരെയുള്ള ഹയർ സെക്കന്ററി ഒന്നാം വർഷ പ്രവേശനം നേടിയവരുടെ എണ്ണത്തെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്തിട്ടുണ്ട്. 2021-22 അധ്യയന വർഷം 99.47 ശതമാനം റിസൾട്ടും 125509 കുട്ടികൾക്ക് എ പ്ലസും ആണ് ലഭിച്ചത്. കഴിഞ്ഞ വർഷം എ പ്ലസ് ലഭിച്ച എല്ലാ കുട്ടികൾക്കും ആഗ്രഹിച്ച കോഴ്സിൽ അഡ്മിഷൻ നൽകാൻ

കഴിഞ്ഞിട്ടില്ലെങ്കിൽത്തന്നെയും എല്ലാ വിദ്യാർത്ഥികൾക്കും അഡ്മിഷൻ നൽകാൻ സാധിച്ചിട്ടുണ്ട്. ഉപരിപഠനത്തിന് ആഗ്രഹിക്കുന്ന എല്ലാ കുട്ടികൾക്കും അതിന് അവസരമൊരുക്കുമെന്ന് കഴിഞ്ഞ നിയമസഭയിൽത്തന്നെ പറഞ്ഞിട്ടുള്ളതാണ്. അതനുസരിച്ച് ആദ്യഘട്ടത്തിൽ തിരുവനന്തപുരം, പാലക്കാട് തുടങ്ങി 7 ജില്ലകളിൽ 20 ശതമാനവും കൊല്ലം, എറണാകുളം, തൃശ്ശൂർ എന്നീ മൂന്ന് ജില്ലകളിൽ 10 ശതമാനവും ആനുപാതികമായ സീറ്റ് വർദ്ധനവും അനുവദിക്കുകയുണ്ടായി. ഇതുകൂടാതെ കുട്ടികൾ കുറവായിരുന്ന 4 ബാച്ചുകൾ പുന:ക്രമീകരിക്കുകയും 75 ബാച്ചുകൾ താൽക്കാലികമായി പുതുതായി അനുവദിക്കുകയും ചെയ്തു. അങ്ങനെ സീറ്റ് വർദ്ധനവിലൂടെ 74489 വേക്കൻസികളാണ് ഉണ്ടായത്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇങ്ങനെയൊരു സീറ്റ് വർദ്ധനവുണ്ടാകുന്നത്. സംസ്ഥാനത്ത് സയൻസ് ബാച്ചിൽ 219274 സീറ്റുകളും ഹ്യൂമാനിറ്റീസ് ബാച്ചിൽ 87148 സീറ്റുകളും കൊമേഴ്സ് ബാച്ചിൽ 125659 സീറ്റുകളും നിലവിലുണ്ട്. കഴിഞ്ഞ വർഷത്തെ അഡ്മിഷനിൽകണ്ട പ്രവണത കുട്ടികൾക്ക് സയൻസ് ബാച്ചുകളേക്കാൾ താൽപര്യം ഹ്യൂമാനിറ്റീസ് തുടങ്ങിയ വിഷയങ്ങളിലായിരുന്നുവെന്നുള്ളതാണ്. ഹ്യൂമാനിറ്റീസ് വിഷയങ്ങളിൽ

ഏറ്റവും കൂടുതൽ അപേക്ഷ വന്ന ജില്ല മലപ്പുറമാണ്. കഴിഞ്ഞ വർഷം 17120 അപേക്ഷകളാണ് ലഭിച്ചത്. രണ്ട് പ്രധാന ഘട്ടമായാണ് കഴിഞ്ഞ വർഷം ഹയർ സെക്കന്ററി പ്രവേശനം നടന്നത്. ഇപ്രാവശ്യം മൂന്ന് ഘട്ടങ്ങളിലായി പ്രവേശനം നടത്താൻ ഉദ്ദേശിക്കുകയാണ്. കഴിഞ്ഞ വർഷം പ്രവേശനം നടന്നതിനുശേഷം ബഹുമാനപ്പെട്ട എം.എൽ.എ.-മാർ സീറ്റ് വർദ്ധനവുണ്ടെന്ന് പറഞ്ഞുകൊണ്ട് അപേക്ഷ നൽകിയിരുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് പ്രത്യേക ഉത്തരവ് വഴി 1464 വിദ്യാർത്ഥികൾക്ക് സ്കൂൾ പ്രവേശനം അനുവദിച്ചു. ഞാൻ അത് പറയാൻ കാരണം സാധ്യമായ എല്ലാ കാര്യങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള സമീപനമാണ് കുട്ടികളുടെ പ്രവേശനത്തിന്റെ കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഒരു വിദ്യാർത്ഥിക്ക് എത്ര സ്കൂളുകളിലേയ്ക്ക് വേണമെങ്കിലും ഒന്നാം വർഷ ഹയർ സെക്കന്ററി പ്രവേശനത്തിന് ഏകജാലകത്തിലൂടെ അപേക്ഷിക്കാം. ഏകജാലക സംവിധാനത്തിലൂടെ തന്നെയാണ് കുട്ടികളുടെ സ്കൂൾ അലോട്ട്മെന്റും നടത്തുന്നത്. അലോട്ട്മെന്റ് ലിസ്റ്റ് തയ്യാറാക്കുന്നതിന് മെറിറ്റ് മാർക്കിന് ഉപരി ബോണസ് പോയിന്റുകളും നൽകുന്നുണ്ട്. അതുകൊണ്ടുതന്നെ എല്ലാപേർക്കും അവർ

ആഗ്രഹിക്കുന്നതുപോലെ വീടിനടുത്തുള്ള സ്കൂൾ ലഭിക്കണമെന്നില്ല. അതുകൊണ്ടാണ് പലപ്പോഴും അഡ്മിഷൻ ലഭിച്ചില്ലെന്ന് പറഞ്ഞുള്ള ചർച്ചകൾ നടക്കുന്നത്. മെറിറ്റ് പോയിന്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ നമുക്ക് അത് ചെയ്യാൻ സാധിക്കൂ. അതായത് ബോണസ് പോയിന്റ് മെറിറ്റിനെ മറികടക്കുന്നത് ശരിയല്ലെന്ന കാര്യം കൂടി സൂചിപ്പിക്കുകയാണ്. ഇവിടെ വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ 33000 സീറ്റിലേക്കും ഹയർ സെക്കന്ററിയിലെ 183085 ഗവൺമെന്റ് സീറ്റിലേക്കും 192630 എയ്ഡഡ് സീറ്റിലേക്കും 56366 അൺഎയ്ഡഡ് സീറ്റിലേക്കും ഐ.ടി.ഐ.-കളിലേയ്ക്ക് 9990 സീറ്റുകളുമുണ്ട്. പോളിടെക്നിക് സീറ്റിലേക്കും ഇതുപോലുള്ള അവസരമുണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് ശാസ്ത്രീയമായും കൃത്യമായ നിലയിലും ഓരോ സ്കൂളുകളിലേയും സീറ്റുകളിൽ അലോട്ട്മെന്റ് നടത്തുന്നതിനെ സംബന്ധിച്ച് ആലോചിച്ചിട്ടുണ്ട്. ഇവിടെ അവതാരകൻ സൂചിപ്പിച്ചതുപോലെ, ഈ വർഷം ഉന്നത വിദ്യാഭ്യാസത്തിനായി യോഗ്യത നേടിയ വിദ്യാർത്ഥികളുടെ എണ്ണം 423303 ആണ്. ഈ വർഷം 44364 കുട്ടികൾക്കാണ് മുഴുവൻ എ പ്ലസും ലഭിച്ചത്. കഴിഞ്ഞവർഷം 125509 പേർക്ക് ആയിരുന്നു. കഴിഞ്ഞവർഷം നിലവിലുള്ള സീറ്റിന്റെ

അടിസ്ഥാനത്തിൽ അഡ്മിഷൻ നടന്നു. കൂടാതെ, ആകെ വർദ്ധനവ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ 71489 സീറ്റ് അധികം വർദ്ധിപ്പിച്ചു. അങ്ങനെ ആകെ അഡ്മിഷൻ നടത്തിയത് 432081 സീറ്റുകളിലേയ്ക്കാണ്. ഒരു കുട്ടിയ്ക്കും അഡ്മിഷൻ ലഭിച്ചിട്ടില്ലായെന്നുള്ള പരാതി വന്നിട്ടില്ലെന്നുള്ളത് വളരെ ശ്രദ്ധേയമായ കാര്യമാണ്. ഇക്കാര്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള പ്രവേശന നടപടികളാണ് ഈ വർഷവും ആരംഭിക്കാൻ പോകുന്നത്. ഇതിൽ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. പരീക്ഷകൾ എഴുതിയ വിദ്യാർത്ഥികളെയും നമ്മൾ കണക്കിലെടുക്കേണ്ടതായിട്ടുണ്ട്. ചില അദ്ധ്യാപകർ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. വിദ്യാർത്ഥികളോട് ശത്രുതാ മനോഭാവം കാണിക്കുകയാണ് ചെയ്യുന്നത്. അവരും നമ്മുടെ മക്കളാണ്, കേരളത്തിൽ പഠിക്കുന്ന കുട്ടികളാണ്. അവർക്കും പഠിക്കുന്നതിനുള്ള അവസരം കൊടുക്കേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ കഴിഞ്ഞ വർഷം ആഗ്രഹിച്ച എല്ലാവർക്കും പ്രവേശനം നൽകിയതുപോലെതന്നെ ഇപ്രാവശ്യവും അത്തരത്തിൽ പ്രവേശനം

നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അതിന് ആവശ്യമായ ക്രമീകരണങ്ങൾ വരുത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഉപരിപഠനവുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും യാതൊരുവിധ ഉത്കണ്ഠയും വേണ്ടെന്നുള്ള കാര്യം ഞാനിവിടെ സൂചിപ്പിക്കുകയാണ്. ഇപ്പോൾ ഉപരിപഠനത്തിന് അർഹത നേടിയ മുഴുവൻ വിദ്യാർത്ഥികൾക്കും ഉപരിപഠനം ഉറപ്പാക്കുന്നതിനുള്ള നടപടി കഴിഞ്ഞ വർഷത്തെപ്പോലെതന്നെ ഇപ്രാവശ്യവും ഉണ്ടാകുമെന്ന കാര്യം സഭയെ അറിയിക്കുകയാണ്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, തുടക്കത്തിൽത്തന്നെ സീറ്റുകളുടെ എണ്ണത്തിൽ മാർജിനൽ ഇൻക്രീസ് വരുത്തി അലോട്ട്മെന്റ് നടത്തിയാൽ മെരിറ്റടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽത്തന്നെ പ്രശ്നപരിഹാരമുണ്ടാകില്ലേ?

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് പറഞ്ഞ കാര്യം ഗവൺമെന്റ് പരിഗണിക്കുന്നുണ്ട്. കഴിഞ്ഞ പ്രാവശ്യം മാർജിനൽ ഇൻക്രീസ് നടത്തി കുറച്ച് സമയം വൈകിപ്പോയി. ഇപ്രാവശ്യം ആദ്യഘട്ടത്തിൽത്തന്നെ മാർജിനൽ ഇൻക്രീസ് വരുത്തുവാനും കഴിഞ്ഞവർഷം നടത്തിയ എല്ലാ ക്രമീകരണങ്ങളും ആദ്യമേ നടത്തുന്നതുസംബന്ധിച്ചുള്ള കാര്യങ്ങളും

ആലോചിക്കുകയാണ്. മറ്റൊരു കാര്യം കൂടി എനിക്ക് പറയാനുള്ളത്, നീന്തൽ അറിയാവുന്നവർക്ക് ഗ്രേസ് മാർക്ക് നൽകുന്നത് സംബന്ധിച്ച് കഴിഞ്ഞ വർഷത്തെ പ്രോസ്പെക്ടസിൽ ഉണ്ടായിരുന്നു. ഇപ്രാവശ്യം ഇതുവരെ അപേക്ഷ ക്ഷണിച്ചിട്ടില്ല. അത് അടുത്ത ആഴ്ചയായിരിക്കും. പല സംഘടനകളും അവരെ ചുമതലപ്പെടുത്തിയെന്ന് പറഞ്ഞുകൊണ്ട് അപേക്ഷാ ഫോറം നൽകി ഫീസ് വാങ്ങി കുട്ടികളെ നീന്തൽ പഠിപ്പിക്കുകയാണ്. നീന്തൽ അറിയാവുന്നവർക്ക് രണ്ട് മാർക്ക് ഗ്രേസ് മാർക്കായി ലഭിക്കും. കണ്ണൂരിൽ അത്തരത്തിൽ നീന്തൽ പഠിപ്പിച്ചതിന്റെയടിസ്ഥാനത്തിൽ അച്ഛനും മകനും മരണമടയുന്ന സാഹചര്യമുണ്ടായി. വിദ്യാഭ്യാസ വകുപ്പോ ഗവൺമെന്റോ ഒരു സംഘടനയ്ക്കും നീന്തൽ പഠിപ്പിക്കാനോ അല്ലെങ്കിൽ നീന്തൽ പഠിക്കുന്നതിന്റെ പേരിൽ കുട്ടികൾക്ക് ഗ്രേസ് മാർക്ക് ലഭിക്കുമെന്ന് നിർദ്ദേശം നൽകുകയോ ചെയ്തിട്ടില്ലെന്ന വിവരംകൂടി സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

2. <u>അങ്കണവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ</u>

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, സംസ്ഥാനത്ത് Early Education എന്ന് പറയുന്ന ശൈശവ കാലത്ത് കുട്ടികളെ പരിചരിക്കുന്ന അങ്കണവാടി

വിഭാഗത്തിന്റെ പ്രവർത്തനത്തെയും അവരുടെ ആവശ്യങ്ങളെയും സംബന്ധിച്ചാണ് ഞാൻ പ്രധാനമായും ഊന്നൽ നൽകുന്നത്. കഴിഞ്ഞ ദിവസം സദ്ഗുരുവിന്റെ ഒരു പ്രഭാഷണം ശ്രവിച്ചുകൊണ്ടിരുന്നപ്പോൾ എന്നെ വളരെ ആകർഷിച്ച രണ്ട് വരിയുണ്ടായിരുന്നു. സമയമില്ലാത്തവർ കുട്ടികൾക്കുവേണ്ടി ആഗ്രഹിക്കരുതെന്നാണ് അദ്ദേഹം പറഞ്ഞത്. അതിനുശേഷം അദ്ദേഹം പറയുകയാണ്, കുട്ടികൾക്ക് നൽകാൻ മാതാപിതാക്കൾക്ക് സമയമില്ലാത്ത ഒരു കാലഘട്ടത്തിലൂടെയാണ് കാലം കടന്നുപോകുന്നത്. കുട്ടികളെ നിങ്ങൾ വലുതാക്കണമെന്ന് പറയുമ്പോൾ നിങ്ങൾ അവർക്ക് സമയം നൽകണമെന്ന് പറയുകയാണ്. ഇന്ന് കേരളത്തിലെ ശരാശരി ആൾക്കാരും വളരെ തിരക്കിലാണ്. പലരും കുട്ടികളെ അങ്കണവാടികളിലാണ് അയയ്ക്കുന്നത്. അങ്കണവാടികൾ എന്നുപറയുന്നത്, കേവലം കുട്ടികളെ മാത്രം പരിചരിക്കുന്ന ഒരു സ്ഥലമല്ല. മുലയൂട്ടുന്ന അമ്മമാർ, ഗർഭിണികൾ, കൗമാരക്കാർ എന്നിവരെയും പരിചരിക്കുന്ന ഒരു സ്ഥാപനമാണത്. കൂടാതെ കുട്ടികളുടെ വാക്സിനും അവിടെ നൽകുന്നുണ്ട്. കേരളം ഇന്ത്യയിൽതന്നെ ഉയർന്നുനിൽക്കുന്ന ഒരു സംസ്ഥാനമാണെന്നാണ് നമ്മൾ സ്വയം അവകാശപ്പെടുന്നത്. ആ

നിലയിലേയ്ക്ക് അംഗൻവാടികളെ ഉയർത്താനോ കൺസീവ് ചെയ്യാനോ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടുണ്ടോ? ഇനി അതിന്റെ ഭൗതിക സൗകര്യങ്ങളിലേയ്ക്ക് വരുമ്പോൾ നമ്മൾ നിൽക്കുന്നത് വളരെ താഴ്ന്ന നിലവാരത്തിലാണെന്നാണ് എന്റെ അഭിപ്രായം. ഇതുമാത്രമല്ല, അംഗൻവാടികൾ എന്നു പറയുമ്പോൾ, നമ്മൾ ഒരു നിയമനിർമ്മാണം നടത്തി ഈ സംസ്ഥാനത്ത് ഒരു കിന്റർ ഗാർട്ടനോ ഒരു പ്ലേ സ്കൂളോ ആരംഭിക്കണമെങ്കിൽ ഇനി മുമ്പോട്ടെങ്കിലും ഇന്നയിന്ന നിലവാരം പാലിച്ചിരിക്കണമെന്ന് തീരുമാനിക്കണം. ഞാൻ മനസ്സിലാക്കുന്നത് ശരിയാണെങ്കിൽ, വിദേശത്ത് ഇതുപോലെ ഒരു കിന്റർ ഗാർട്ടനോ ഒരു പ്ലേ സ്കൂളോ ആരംഭിക്കണമെങ്കിൽ കുറഞ്ഞത് അര ഏക്കർ സ്ഥലമെങ്കിലും ആവശ്യമാണ്. അതുകൂടാതെ, കുട്ടികൾക്ക് എല്ലാ നിലയ്ക്കും എൻഗേജ് ചെയ്യാൻ സാധിക്കുന്ന വിവിധ സാധ്യതകൾ, അത് പഠനത്തിനുള്ളതാകട്ടെ കളിക്കാനുള്ളതാകട്ടെ കായികമോ വൈജ്ഞാനികമോ ആകട്ടെ അത്തരത്തിലുള്ള എല്ലാ സൗകര്യങ്ങളും അവിടെയുണ്ടായിരിക്കണം. അതുകൂടാതെ അവിടത്തെ ടീച്ചർമാർ ചൈൽഡ് സൈക്കോളജി അടക്കം പഠിച്ചവരായിരിക്കണം. വളരെ ക്വാളിഫൈഡ് ആയിട്ടുള്ളവർക്ക് മാത്രമേ

അവരെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയൂ. അങ്ങനെ വളരെ പ്രധാന്യത്തോടുകൂടി അത് കാണാൻ കാരണം, ഒരു പൗരന്റെ രൂപീകരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സമയമെന്ന് പറയുന്നത് ഒരു വയസ്സ് മുതൽ നാല് വയസ്സുവരെയുള്ള കാലഘട്ടമാണ്. കുട്ടികളുടെ അടിസ്ഥാനപരമായ സ്വഭാവം രൂപപ്പെടുന്നത് അപ്പോഴാണ്. അങ്ങനെയിരിക്കെ ഇന്നത്തെ അവസ്ഥയിൽ നമ്മുടെ അങ്കണവാടി ടീച്ചർമാർക്ക് നമ്മൾ കൊടുക്കുന്ന പരിഗണന എന്താണ്? സർക്കാർ 500/- രൂപ വർക്കർമാർക്കും 250/- രൂപ ഹെൽപ്പർമാർക്കും വർദ്ധിപ്പിച്ചുവെന്നതിനെ ഞാൻ അഭിനന്ദിക്കുന്നു. പക്ഷെ ഇന്ന് അവർക്ക് കിട്ടുന്ന വേതനം, അവരെകൊണ്ട് നമ്മൾ എടുപ്പിക്കുന്ന ജോലി, അവർക്ക് ഏൽപ്പിച്ചിട്ടുള്ള ഉത്തരവാദിത്തം എന്നിവ നോക്കുമ്പോൾ ഈ തുക വളരെ തുച്ഛമല്ലേ? മാത്രമല്ല കഴിഞ്ഞ ദിവസം മലയാള മനോരമയിൽ വന്ന വാർത്തയാണ്. 'Lucky escape for eight children as Anganwadi roof collapses', കുട്ടികൾ പുറത്തായിരുന്നതുകൊണ്ട് എട്ട് കുട്ടികളും രക്ഷപ്പെട്ടുവെന്നുള്ളതാണ് സത്യം (പ്രസ്തുത കടലാസ് ഉയർത്തികാണിച്ചു). അതുകൂടാതെ, അംഗൻവാടി കെട്ടിടത്തിന്റെ ഭിത്തിയിടിഞ്ഞു വീണതിനാൽ ഒരു കുട്ടിയുടെ കണ്ണിൽ

പരുക്കുപറ്റി. ഞാൻ പറഞ്ഞുവരുന്നത്, നമ്മുടെ അംഗൻവാടികളെ നല്ല നിലയിലേയ്ക്ക് മാറ്റാൻ കഴിയണം. ഇപ്പോൾ എല്ലാ അംഗൻവാടികളെയും ഒറ്റയടിക്ക് മാറ്റാൻ കഴിയില്ലെങ്കിൽ ഇനിയുള്ളത് ആരംഭിക്കുമ്പോഴെങ്കിലും സർക്കാർ ഇൻസെന്റീവ് കൊടുക്കുകയും അതിനെ കൂടുതൽ പ്രോത്സാഹിപ്പിക്കുകയും മിനിമം ഇത്ര സ്ഥലവും സൗകര്യവും വേണമെന്നൊക്കെയുള്ള വ്യവസ്ഥകൾ കൊണ്ടുവരികയും വേണം. കേരളത്തിലെ കിന്റർ ഗാർട്ടനുകളിലും പ്ല സ്കൂളുകളിലുമടക്കം ഇത്തരം നിലവാരം കൊണ്ടുവരാനും ഇതിനെ വളരെ ഗൗരവമായി കാണാനുമുള്ള ഒരു സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സംസ്ഥാനത്തെ അങ്കണവാടി പ്രവർത്തകരുടെ സേവന-വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്നതിലേയ്ക്കുള്ള സമഗ്രമായ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് അങ്കണവാടി പ്രവർത്തകർക്ക് ഓണറേറിയം അനുവദിക്കുന്നത്. അങ്കണവാടി ജീവനക്കാർക്ക് കേന്ദ്രസർക്കാർ

നിശ്ചയിച്ചിരിക്കുന്ന 60:40 അനുപാതത്തിലുള്ള ഓണറേറിയത്തിനുപുറമേ കേരളത്തിൽ സർക്കാർ അധിക തുക ഓണറേറിയം ഇനത്തിൽ നൽകിവരുന്നുണ്ട്. മെയിൻ അങ്കണവാടി വർക്കർമാർക്ക് കേന്ദ്രസർക്കാർ വിഹിതമായ 2,700/- രൂപയും സംസ്ഥാന സർക്കാർ വിഹിതമായ 1,800/- രൂപയും കൂടാതെ സംസ്ഥാന സർക്കാർ അധികമായി നൽകുന്ന 7,500/- രൂപയുമുൾപ്പെടെ ആകെ 12,000/- രൂപയും മിനി അങ്കണവാടി വർക്കർമാർക്ക് കേന്ദ്രസർക്കാർ വിഹിതമായ 2,100/- രൂപയും സംസ്ഥാന സർക്കാർ വിഹിതമായ 1,400/- രൂപയും കൂടാതെ, സംസ്ഥാന സർക്കാർ അധികമായി നൽകുന്ന 7,500/- രൂപയും ഉൾപ്പെടെ ആകെ 11,000/- രൂപയും അങ്കണവാടി ഹെൽപ്പർമാർക്ക് കേന്ദ്രസർക്കാർ വിഹിതമായ 1,350/- രൂപയും സംസ്ഥാന സർക്കാർ വിഹിതമായ 900/- രൂപയും കൂടാതെ സംസ്ഥാന സർക്കാർ അധികമായി നൽകുന്ന 5,750/- രൂപയുമുൾപ്പെടെ ആകെ 8,000/- രൂപയുമാണ് പ്രതിമാസ ഓണറേറിയമായി സംസ്ഥാനത്ത് നൽകിവരുന്നത്. പത്ത് വർഷം അങ്കണവാടി സ്ഥിരം വർക്കറായി സർവ്വീസ് പൂർത്തിയായവർക്ക് ഐ.സി.ഡി.എസ്. സൂപ്പർ വൈസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് സംവരണമുണ്ട്. ആറ് വയസ്സിന് താഴെയുള്ള കുട്ടികൾക്കും

ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും വിവിധ സേവനങ്ങളെത്തിക്കുന്നത് അങ്കണവാടി പ്രവർത്തകർ വഴിയാണ്. സപ്ലിമെന്ററി ന്യൂട്രീഷൻ, പ്രീ-സ്കൂൾ നോൺ ഫോർമൽ എഡ്യൂക്കേഷൻ, ന്യൂട്രീഷൻ ആൻഡ് ഹെൽത്ത് എഡ്യൂക്കേഷൻ, നവജാത ശിശുക്കളുടെയും ഗർഭിണികളുടെയും ഭവന സന്ദർശനം, അവർക്കുവേണ്ട ന്യൂട്രീഷൻ കൗൺസിലിംഗ് എന്നിവ അങ്കണവാടി പ്രവർത്തകരുടെ ചുമതലയാണ്. കൂടാതെ കമ്മ്യൂണിറ്റി അധിഷ്ഠിത ഇവന്റുകൾ, വില്ലേജ് ഹെൽത്ത് ആൻഡ് ന്യൂട്രീഷൻ, മൊബിലൈസിംഗ്, സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് എന്നിവയും ഈ പ്രവർത്തകരുടെ ചുമതലകളിൽപ്പെടുന്നു. സംസ്ഥാനത്തെ അങ്കണവാടി പ്രവർത്തകരുടെ സമർപ്പിതമായ പ്രവർത്തനമാണ് പദ്ധതികളുടെ വിജയത്തിന്റെ പ്രധാന ഘടകമെന്ന് എടുത്തുപറയേണ്ടതായിട്ടുണ്ട്. ഇലക്ഷൻ ഡ്യൂട്ടി, മറ്റ് സർവ്വേകൾ മുതലായ ജോലികൾക്ക് അങ്കണവാടി പ്രവർത്തകരെ നിയോഗിക്കരുതെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ സേവനങ്ങൾ പൊതുജനങ്ങളിലെത്തിക്കുന്നതിനായി ഗ്രാസ് റൂട്ട് ലെവലിൽ പ്രവർത്തിക്കുന്ന സ്വയം സന്നദ്ധ സേവകരായ അങ്കണവാടി പ്രവർത്തകരുടെ സേവനം, ആകസ്മികമായി വന്നു ഭവിക്കുന്ന കോവിഡ്-19 അല്ലെങ്കിൽ

പ്രളയം മുതലായ അടിയന്തരസാഹചര്യങ്ങളിൽ സർക്കാർ ഉപയോഗിക്കുന്നുണ്ട്.

വനിത-ശിശുവികസന വകുപ്പിനുകീഴിൽ സംസ്ഥാനത്താകെ 33115 അങ്കണവാടികളാണ് പ്രവർത്തിക്കുന്നത്. ഇതിൽ 24360 അങ്കണവാടികൾ സ്വന്തം കെട്ടിടത്തിലും 6948 അങ്കണവാടികൾ വാടക കെട്ടിടത്തിലും 1807 അങ്കണവാടികൾ വാടകരഹിത കെട്ടിടത്തിലും പ്രവർത്തിച്ചുവരുന്നു. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളെ ശിശുസൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി അങ്കണവാടികളുടെ നവീകരണം നടത്തി സുരക്ഷിതത്വം ഉറപ്പാക്കുന്നതിലേയ്ക്ക് വകുപ്പ് എല്ലാവർഷവും തുക അനുവദിച്ചുവരുന്നു.

നടപ്പുസാമ്പത്തിക വർഷം ഒരു ലക്ഷം രൂപ നിരക്കിൽ 100 അങ്കണവാടികൾ നവീകരിക്കുന്നതിനാവശ്യമായ നടപടിയും ഒരു ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെ വിനിയോഗിച്ച് ശോച്യാവസ്ഥയിലുള്ള 25 അങ്കണവാടികൾ നവീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കുടുംബാന്തരീക്ഷത്തിൽനിന്നും രക്ഷകർത്താക്കളിൽ നിന്നും മാറി കുട്ടികൾ ആദ്യമെത്തുന്ന ഇടങ്ങൾ എന്ന നിലയിൽ കുഞ്ഞുങ്ങളുടെ വളർച്ചയിലും

വ്യക്തിത്വവികാസത്തിലും അങ്കണവാടികൾക്ക് സവിശേഷമായ സ്ഥാനമുണ്ടെന്ന് കണ്ടുകൊണ്ട് സംസ്ഥാന സർക്കാർ അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളാക്കുന്നതിനുള്ള പദ്ധതിയാവിഷ്കരിച്ചത് രാജ്യത്തുതന്നെ ആദ്യമാണ്. 204 അങ്കണവാടികളെ സ്മാർട്ട് അങ്കണവാടി പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. കുട്ടികളുടെ മാനസികവും ബൗദ്ധികവും ശാരീരികവുമായ വികസനത്തിന് ശാസ്ത്രീയ അടിത്തറയും അടിസ്ഥാനസൗകര്യവും ഒരുക്കുകയെന്നതാണ് സ്മാർട്ട് അങ്കണവാടികളിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ ആദ്യത്തെ സ്മാർട്ട് അങ്കണവാടി 2022 ഏപ്രിൽ മാസത്തിൽ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു. ഈ വർഷം 25 സ്മാർട്ട് അങ്കണവാടികൾ പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു. വൈദ്യുതി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സഹായത്തോടെ വൈദ്യുതിവത്കരിക്കാത്ത 2500-ൽ അധികം അങ്കണവാടികൾ വൈദ്യുതിവത്കരിക്കാൻ സർക്കാരിന്റെ ആദ്യ വർഷം നടപടി സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 2298 അങ്കണവാടികൾ വൈദ്യുതവത്കരിച്ചു; ഇനി ശേഷിക്കുന്നത് 202 അങ്കണവാടികളാണ്; ഈ വർഷം പൂർണമായും ഇതും സാധ്യമാകും.

അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾ, നവീകരണം എന്നിവയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തുക വകയിരുത്തുന്നുണ്ട്. സംസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള എല്ലാ അങ്കണവാടി കെട്ടിടങ്ങൾക്കും തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന ഫിറ്റ്നസ് പരിശോധന നടത്തി സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് എല്ലാ ജില്ലകളിലും കർശനമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഗുജറാത്ത് ഹൈക്കോടതി വിധി റദ്ദാക്കിക്കൊണ്ട് സുപ്രീം കോടതി, അങ്കണവാടി വർക്കർമാർക്ക് ഗ്രാറ്റുവിറ്റിക്ക് അർഹതയുണ്ടെന്ന് രാജ്യമൊട്ടാകെ ബാധകമാകുന്ന വിധി പുറപ്പെടുവിച്ചിട്ടുണ്ട്. അതിനുശേഷം ഇവിടത്തെ അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഗ്രാറ്റുവിറ്റി നൽകുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടോ; സർക്കാർ അത് നടപ്പിലാക്കുന്നുണ്ടോ?

ശ്രീമതി വീണാ ജോർജ്: സർ, അങ്കണവാടി പ്രവർത്തകരുടെ സേവന-വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്നതിലേയ്ക്കുള്ള സമഗ്രമായ പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അത്

കൃത്യമായി പരിശോധിച്ച് ഉചിതമായിട്ടുള്ള നടപടികൾ സ്വീകരിക്കും.